compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 നവംബർ 04
Tuesday, 04th November 2025

1201 തുലാം 18
18th Thulam 1201

1947 കാർത്തികം 13
13th Karthika 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **44**

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTICE

ISSUED UNDER RULE 69 (2) OF THE KERALA CO-OPERATIVE SOCIETIES ACT 1969

No. JRGKTM/2249/2025-AEL. *10th October 2025.*

Whereas the affairs of the following society has been ordered to be wound up as per order shown below and whereas I have been appointed as the Liquidator of the Society. Public is informed that all claims against the below said society may be informed to me in person or through authorised agents within 2 months from the date of publication of the notice.

Name of Society—Kottayam Vanitha CS k 1018.

Order No. and Date—Proceedings No. AEL/2249/2025 dated 12-9-2025 of Joint Registrar of Co-operative Societies, Kottayam.

(Sd.)
Liquidator,
Inspector of Co-operative Societies, Pampady Unit.

Office of the Assistant Registrar of
Co-operative Societies (General),
Kottayam.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇടുക്കി ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ JRGIDK/769/2022-AEL. 2025 ഒക്ടോബർ 25.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—കൊച്ചുതോവാള സഹകരണ കൺസ്യൂമർ സ്റ്റോർ, ഐ-11—കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത്—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 6-7-1982 തീയതിയിലെ സി.എസ്-1472/79 നമ്പർ ഉത്തരവ്.

(2) ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 8-8-2019 തീയതിയിലെ എ.ഇ.എൽ-2317/2019 നമ്പർ ഉത്തരവ്.

(3) ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 24-9-2025 തീയതിയിലെ JRGIDK/769/2022-AEL നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 17-10-2025 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം.

(5) സംഘം ലിക്വിഡേറ്ററുടെ 21-10-2025 തീയതിയിലെ എ.1069/2019 നമ്പർ നടപടിക്രമം.

(6) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കി-ടെ 21-10-2025 തീയതിയിലെ എ.1069/2019 നമ്പർ കത്ത്.

ഐ-11, കൊച്ചുതോവാള സഹകരണ കൺസ്യൂമർ സ്റ്റോർ പ്രവർത്തന രഹിതമായതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണത്തിന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കി ആഫീസിലെ എ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് സൂചന (1), (2) പ്രകാരം ഉത്തരവായിരുന്നു. ലിക്വിഡേറ്റർ 5-8-1983 തീയതിയിൽ ചുമതലയേറ്റെടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിരുന്നു.

സൂചന (4), (5) എന്നിവ പ്രകാരം ലിക്വിഡേറ്റർ, സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കിയതായി അറിയിച്ചുകൊണ്ട്, കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ലിക്വിഡേറ്ററുടെ അപേക്ഷ സൂചന (6) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഇടുക്കി ശുപാർശ ചെയ്ത് ഈ ആഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ഈടാക്കാൻ സാധിക്കാത്ത ആസ്തിയും കൊടുത്തുതീർക്കാനാകാത്ത ബാധ്യതയും എഴുതിത്തള്ളി സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഐ-11, കൊച്ചുതോവാള സഹകരണ കൺസ്യൂമർ സ്റ്റോർ-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ സകല രേഖകളും കേരള സഹകരണ നിയമം ചട്ടം 70 അനുശാസിക്കും വിധം 3 വർഷക്കാലം ലിക്വിഡേറ്റർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി ആയവ നശിപ്പിക്കാവുന്നതാണ്.

(ഒപ്പ്)

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ഇടുക്കി.

ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടികൾ

(ഹാജർ: ശ്രീ. സുരേന്ദ്രൻ ചെമ്പ്ര)

നമ്പർ JRMPM/1033/2025-AEL. 2025 ഒക്ടോബർ 15.

വിഷയം: —സമാപ്തീകരണം—ഏറനാട് താലൂക്ക് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം 410—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) മലപ്പുറം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) 4-3-2025-ലെ JRMPM/1925/2023/HMC-1 ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 25-9-2025 തീയതിയിലെ അന്തിമ പൊതുയോഗ തീരുമാനം.

(3) മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാറുടെ 3-10-2025-ലെ ARGMJI/316/2025/UI(1) നമ്പർ കത്ത്.

(4) മലപ്പുറം സഹകരണ സംഘം (ജനറൽ) ജോയിന്റ് രജിസ്ട്രാറുടെ 3-9-2025-ലെ JRMPM1033/2025-AEL നമ്പർ ഉത്തരവ്.

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ മഞ്ചേരി ആസ്ഥാനമാക്കി ഒരു സഹകരണ സംഘമായി 13-6-1989-ൽ രജിസ്റ്റർ ചെയ്യപ്പെട്ട് 19-7-1989-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത ഏറനാട് താലൂക്ക് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം 410-ന്റെ പ്രവർത്തനം സൂചന (1) പ്രകാരം 4-3-2025-ന് സമാപ്തീകരിച്ചു കൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിക്കുകയും 14-3-2025-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു.

കേരള സഹകരണ സംഘം നിയമം വകുപ്പ് 73(2എ) പ്രകാരം ക്ലിപ്തപ്പെടുത്തിയ കാലാവധിക്കുള്ളിൽ തന്നെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കി അന്തിമ പൊതുയോഗം 25-9-2025-ന് വിളിച്ച് ചേർക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ പൊതുയോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി സൂചന (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്ത് സൂചന (3) പ്രകാരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി അപേക്ഷയും ഉള്ളടക്കങ്ങളും പരിശോധിച്ച് ബോധ്യപ്പെട്ട വസ്തുതകൾ താഴെ നൽകുന്നു.

സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-നു വിധേയമായി ക്ലെയിം നോട്ടീസ് യഥാവിധി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ചുകൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ സാധിക്കുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് വീട്ടാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിൽ നിന്നും മുതൽ കൂട്ടിയ തുകയുടെ 15% നിരക്കിൽ ₹ 8,060 ലിക്വിഡേഷൻ ചാർജ്ജായി സർക്കാരിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ആസ്തി-ബാധ്യതകൾ താഴെ നൽകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി മൂലധനം	9050.00	ക്യാഷ്	159.55
കരുതൽ ധനം	2220.56	ബാങ്ക് നിക്ഷേപം	53727.00
മറ്റ് ഫണ്ടുകൾ കരുതൽ സൃഷ്ടിച്ചവ	4224.45	മറ്റ് സ്ഥാപനങ്ങളിലെ ഓഹരികൾ	100.00
വിദ്യാഭ്യാസ ഫണ്ട്	238.59	അഡ്വാൻസ്- സംഘത്തിന് വരേണ്ടവ	3964.90
സിൽബന്ധി ചെലവും തൻ ചെലവും	3850.00		
മുന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം	12346.90		
തന്നാണ്ടത്തെ അറ്റ ലാഭം	26020.95		
ആകെ	57951.45	ആകെ	57951.45

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ആസ്തി ബാധ്യത കണക്ക് പ്രകാരം സർക്കാരിലേക്ക് അടവാക്കാനുണ്ടായിരുന്ന മെമ്പേഴ്സ് റിലീഫ് ഫണ്ട് ₹ 2,602 പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് ₹ 1,301 എഡ്യൂക്കേഷൻ ഫണ്ട് ₹ 2,239 അഫിലിയേഷൻ ഫീസ് ₹ 3,850 എന്നിവ സംഘത്തിൽനിന്നും മുതൽ കൂട്ടിയ തുക വിനിയോഗിച്ച് ലിക്വിഡേറ്റർ അടവാക്കിയിട്ടുണ്ട്.

ലിക്വിഡേറ്റർക്ക് യാതൊരു നിലയ്ക്കും ഈടാക്കാൻ സാധിക്കാത്ത ₹ 15,290.86-ടെ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ₹ 47,959.86-ടെ ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ട് കെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ ആയതിന് ശിപാർശ ചെയ്തതിന്റേയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ട് കെട്ടിയും സൂചന (4) പ്രകാരം ഉത്തരവാകുകയും ചെയ്തു. എഴുതി തള്ളിയും കണ്ട് കെട്ടുകയും ചെയ്ത ആസ്തികളും ബാധ്യതകളും താഴെ നൽകുന്നു.

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി മൂലധനം	9050.00	ക്യാഷ്	159.55
കരുതൽ ധനം	6123.56	മറ്റ് സ്ഥാപനങ്ങളിലെ ഓഹരികൾ	100.00
മറ്റ് ഫണ്ടുകൾ കരുതൽ സൃഷ്ടിച്ചവ	4224.45	അഡ്വാൻസ്- സംഘത്തിന് വരേണ്ടവ	3964.90
മുന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം	28561.85	അറ്റ നഷ്ടം	11066.41
ആകെ	47959.86	ആകെ	15290.86

മേൽ പ്രകാരമുള്ള നടപടികൾക്ക് ശേഷം 30-7-2025-ന് അടവാക്കിയ ₹ 2,686 കൂടാതെ സൂചന (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്ററുടെ പേരിലുള്ള ബാങ്ക് നിക്ഷേപം അവസാനിപ്പിച്ച് ബാക്കി നിന്നിരുന്ന തുകയും പലിശയും ഉൾപ്പെടെയുള്ള ₹ 33,166 മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാരുടെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് 25-9-2025-നു അടവാക്കുകയും ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലിക്വിഡേഷൻ ആഡിറ്റ് യഥാവിധി എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ബാധ്യതകൾ മുഴുവനായും അടവാക്കിയിട്ടുണ്ട്. സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് അന്തിമ പൊതുയോഗം 25-9-2025-ന് ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് സംഘത്തിന്റെ അന്തിമ പൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പരിശോധിച്ച് മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ശിപാർശയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

ഏറനാട് താലൂക്ക് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം 410-ന്റെ അന്തിമ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969 ചട്ടം 70 പ്രകാരം മൂന്ന് വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) (ഒപ്പ്)
ആഫീസ്, മലപ്പുറം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോഴിക്കോട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : എൻ. എം. ഷീജ)

നമ്പർ സി. എസ്. 1914/2025. 2025 സെപ്റ്റംബർ 22.

വിഷയം :—സഹകരണ വകുപ്പ്—കൊയിലാണ്ടി സഹകരണ സ്റ്റോർ (ക്ലിപ്തം) നമ്പർ എഫ്. 1027-വകുപ്പ് 66 പ്രകാരം പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട്—സംഘം ലിക്വിഡേറ്റ് ചെയ്യുന്നത്—സംബന്ധിച്ച്.

സൂചന :—(1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 30-7-2024-ലെ ARGKYL 569/2024 നമ്പർ ഉത്തരവ്.

(2) കൊയിലാണ്ടി യൂണിറ്റ് ഇൻസ്പെക്ടർ സമർപ്പിച്ച വകുപ്പ് 66 പരിശോധന റിപ്പോർട്ട്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 20-5-2025-ലെ ARGKYL യുഐ (2) 989/2024 നമ്പർ കത്ത്.

കൊയിലാണ്ടി സഹകരണ സ്റ്റോർ (ക്ലിപ്തം) നമ്പർ എഫ് 1027-ൽ വകുപ്പ് 66 പ്രകാരം പരിശോധന നടത്തി സൂചന (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. റിപ്പോർട്ട് പ്രകാരം സംഘം 20 വർഷമായി പ്രവർത്തന രഹിതമാണെന്നും പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലായെന്നും ലഭ്യമായ ആഡിറ്റ് റിപ്പോർട്ട് പ്രകാരം 1989-90 ആഡിറ്റ് റിപ്പോർട്ട് പ്രകാരം 1477 അംഗങ്ങളും 2.49 ലക്ഷം രൂപ ഓഹരിമൂലധനവും സർക്കാർ ഓഹരിയായി ₹ 22,900-ം സർക്കാർ വായ്പയായി ₹ 1,428-ം പലിശ ഇനത്തിൽ ₹ 35.67-ം ബാക്കി നിൽപ്പുണ്ട്. കൂടാതെ ജില്ലാ ബാങ്ക് വായ്പയായി ₹ 1,37,068-ം ബാക്കി നിൽപ്പുണ്ട്.

കോഴിക്കോട് ജില്ലയിൽ 7-5-1940-ൽ രജിസ്റ്റർ ചെയ്ത് 8-6-1940-ൽ പ്രവർത്തനം ആരംഭിച്ചതാണ്. 1999-2000 മുതൽ സംഘം RNA ആയി തുടരുകയാണ്. സംഘത്തിൽ 1-4-2002 മുതൽ 28-2-2003 വരെ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിലും 23-2-2003 മുതൽ 28-3-2006 വരെ 3 വർഷക്കാലം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കീഴിലുമായിരുന്നു. ഈ കാലഘട്ടത്തിൽ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ലായെന്നും, സംഘത്തിന് സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലായെന്നും കൊല്ലം അങ്ങാടിയിലെ ഒരു വാടക മുറിയിൽ നിന്നും പഴയ ഉപയോഗശൂന്യമായ ഫർണിച്ചറുകൾ കണ്ടെത്തിയിട്ടുണ്ടെന്നും സൂചന (2) പ്രകാരം ബോധിപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സംഘം കഴിഞ്ഞ 20 വർഷമായി പ്രവർത്തന രഹിതമാണെന്നും പുനരുജ്ജീവിപ്പിക്കാൻ കഴിയില്ലായെന്ന് ബോധ്യപ്പെട്ടതിനാലും അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ പരിഗണിച്ചും ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

കൊയിലാണ്ടി സഹകരണ സ്റ്റോർ (ക്ലിപ്തം) നമ്പർ എഫ് 1027-ന്റെ പ്രവർത്തനം നിലച്ചതിനാലും കേരള സഹകരണനിയമം വകുപ്പ് 66 പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും പുനരുജ്ജീവിപ്പിക്കാൻ കഴിയില്ല എന്ന് ബോധ്യപ്പെട്ടതിനാലും കേരള സഹകരണനിയമം വകുപ്പ് 71 (1) പ്രകാരം സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിനായി വകുപ്പ് 72 (1) പ്രകാരം കൊയിലാണ്ടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കൊയിലാണ്ടി യൂണിറ്റ് ഇൻസ്പെക്ടർ ശ്രീമതി ഷൈമ എം. സി., സീനിയർ ഇൻസ്പെക്ടറെ നിയോഗിച്ച് ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ് തീയതി മുതൽ രണ്ട് വർഷത്തിനകം ലിക്വിഡേഷൻ നടപടി പൂർത്തീകരിക്കണമെന്നും ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, കോഴിക്കോട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
കോഴിക്കോട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ ഒ/1036/2025. 2025 ഒക്ടോബർ 14.

വിഷയം:—സമാപ്തീകരണം—മഞ്ചേശ്വരം പൂഴിത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 494—കേരള സഹകരണ നിയമം വകുപ്പ് (74) പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 17-10-2023-ലെ ഒ/996/2022 നമ്പർ ഉത്തരവ്.

(2) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 21-8-2025-ലെ ഒ/036/2025 നമ്പർ ഉത്തരവ്.

(3) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 16-9-2025-ലെ ഒ/1036/2025 നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 29-9-2025-ലെ 1, 2-ാം നമ്പർ തീരുമാനം.

(5) സംഘം ലിക്വിഡേറ്ററുടെ 29-9-2025-ലെ 281/2025/എം നമ്പർ ഉത്തരവ്.

(6) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മഞ്ചേശ്വരത്തിന്റെ 30-9-2025-ലെ 281/2025/എം നമ്പർ കത്ത്.

മഞ്ചേശ്വരം പൂഴിത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 494-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് സംഘത്തിന്റെ ലിക്വിഡേറ്ററായ മഞ്ചേശ്വരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ മഞ്ചേശ്വരം യൂണിറ്റ് ഇൻസ്പെക്ടറെ സൂചന (1) ഉത്തരവ് പ്രകാരം നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. 20-11-2023-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്തു.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത വേളയിൽ സംഘത്തിന്റെ 2022-23 വർഷം വരെയുള്ള ആഡിറ്റ് മാത്രമാണ് പൂർത്തീകരിച്ചിരുന്നത്. ടി ആഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള താൽക്കാലിക കടധന പട്ടിക താഴെ പറയും പ്രകാരമാണ്.

ക്രമ നമ്പർ	ബാദ്ധ്യത	തുക ₹	ക്രമ നമ്പർ	ആസ്തി	തുക ₹
1	ഓഹരി മൂലധനം	1,14,900	1	ബാങ്ക് നീക്കിയിരിപ്പ്	9,729
2	തേയ്മാന ഫണ്ട്	70,079	2	ഫർണ്ണീച്ചർ	11,500
3	കിട്ടാനുള്ള തുകയ്ക്ക് കരുതൽ	1,06,31,745	3	കമ്പ്യൂട്ടർ	63,695
4	ഡെഫിസിറ്റ് സ്റ്റോക്കിനുള്ള കരുതൽ	13,565	4	സ്റ്റോക്കിലെ കുറവ്	13,565
5	ഫർണ്ണീച്ചറിനുള്ള കരുതൽ	5,116	5	എസ്.എ പോർട്ട് ഓഫീസ്	1,29,150

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6	തൻ ചെലവ് സിൽബന്ധി ചെലവിനുള്ള കരുതൽ	8,940	6	എസ്. എ വേജസ് ഒബ്ജക്ട് (2014-15)	1,55,000
7	എസ്.എൽ എക്സ് പ്രഡിഡന്റ്	17,39,619	7	ബോട്ട് വാടക ഒബ്ജക്ട്	25,500
8	എസ് എൽ വാല്യു	1,29,150	8	കണ്ടിജൻസി ഒബ്ജക്ട് (2014-15)	5,000
9	എസ് എൽ ക്യാഷ് വ്യത്യാസം	566	9	എസ് എ വാറ്റ്	200
10	എസ് എൽ ജമാഅത്ത് കമ്മിറ്റി	9,000	10	എസ്.എ കമ്മീഷൻ	20
11	എസ് എൽ പോർട്ട് കൺസർവേഷൻ	3,00,967	11	എസ് എ എസ് എൽ എക്സാം	1,03,144
12	എസ് എൽ എസ് ബി ടി	8,532	12	എസ്. എ വേജസ് ഒബ്ജക്ട് (2016-17)	1,02,10,778
			13	എസ് എ എസ്. ബി. ടി.	113
			14	എസ്. എൽ എക്സസ്സ്	2,840
			15	അറ്റ നഷ്ടം	23,01,945
	ആകെ	1,30,32,179		ആകെ	1,30,32,179

ലിക്വിഡേറ്റർ ചാർജ്ജെടുക്കുമ്പോൾ സംഘത്തിന്റെ ആഡിറ്റ് 2022-23 സാമ്പത്തിക വർഷം വരെ മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളു. ആയതു പ്രകാരമാണ് ലിക്വിഡേറ്റർ ചാർജ്ജ് ഏറ്റെടുക്കുന്ന തീയതി വരെയുള്ള താൽക്കാലിക കടധന പട്ടിക തയ്യാറാക്കിയിരുന്നത്. സമാപ്തീകരണത്തിലിരിക്കുന്ന സംഘങ്ങളുടെ ആഡിറ്റ് ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിവരെ സഹകരണ ആഡിറ്റ് വിഭാഗം നടത്തണമെന്ന സഹകരണസംഘം രജിസ്ട്രാറുടെ 05/2019 നമ്പർ സർക്കുലർ നിർദ്ദേശപ്രകാരം ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയായ 20-11-2023 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ഏറ്റവും അവസാനം ലഭിച്ച ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള കടധന പട്ടിക താഴെപ്പറയും പ്രകാരമാണ്.

ക്രമ നമ്പർ	ബാദ്ധ്യത	തുക ₹	ക്രമ നമ്പർ	ആസ്തി	തുക ₹
1	ഓഹരി മൂലധനം	1,14,900	1	ബാങ്ക് നീക്കിയിരിപ്പ്	9,928
2	തേയ്മാന ഫണ്ട്	70,079	2	ഫർണ്ണീച്ചർ	11,500
3	കിട്ടാനുള്ള തുകയ്ക്ക് കരുതൽ	1,06,31,745	3	കമ്പ്യൂട്ടർ	63,695
4	ഡെഫിസിറ്റ് സ്റ്റോക്കിനുള്ള കരുതൽ	13,565	4	സ്റ്റോക്കിലെ കുറവ്	13,565
5	ഫർണ്ണീച്ചറിനുള്ള കരുതൽ	5,116	5	എസ്.എ പോർട്ട് ഓഫീസ്	1,29,150

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6	തൻ ചെലവ് സിൽബന്ധി ചെലവിനുള്ള കരുതൽ	40	6	എസ്. എ വേജസ് ഒബ്ജക്ട് (2014-15)	1,55,000
7	എസ്.എൽ എക്സ് പ്രസിഡന്റ്	17,39,619	7	ബോട്ട് വാടക ഒബ്ജക്ട്	25,500
8	എസ് എൽ വാല്യു	1,29,150	8	കണ്ടിജൻസി ഒബ്ജക്ട് (2014-15)	5,000
9	എസ് എൽ ക്യാഷ് വ്യത്യാസം	566	9	എസ് എ വാറ്റ്	200
10	എസ് എൽ ജമാഅത്ത് കമ്മിറ്റി	9,000	10	എസ്.എ കമ്മീഷൻ	20
11	എസ് എൽ പോർട്ട് കൺസർവേഷൻ	3,00,967	11	എസ് എ എസ് എൽ എക്സാം	1,03,144
12	എസ് എൽ എസ് ബി ടി	8,532	12	എസ്. എ വേജസ് ഒബ്ജക്ട് (2016-17)	1,02,10,778
			13	എസ് എ എസ് ബി ടി	113
			14	എസ്. എൽ എക്സസ്സ്	2,840
			15	അറ്റ നഷ്ടം	22,92,846
	ആകെ	1,30,23,279		ആകെ	1,30,23,279

ലിക്വിഡേറ്റർ ചാർജ്ജെടുത്തതിന് ശേഷം നിയമാനുസരണം ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രസ്തുത ക്ലെയിം നോട്ടീസ് പ്രകാരം ക്ലെയിമുകളൊന്നും ലഭ്യമായിട്ടില്ല.

സംഘത്തിന്റെ കേരള ബാങ്കിലുണ്ടായിരുന്ന ബാങ്ക് നിക്ഷേപം ₹ 9,928 ആയതിന്റെ പലിശ ₹ 74 കൂടി ആകെ ₹ 10,002 ലിക്വിഡേറ്ററുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കുമ്പള ശാഖയിൽ എസ്.ബി അക്കൗണ്ട് ആരംഭിച്ച് അതിലേക്ക് മാറ്റിയിട്ടുണ്ട്. സംഘത്തിൽ നിന്നും ലഭ്യമായ ഫർണ്ണീച്ചറുകൾ, കമ്പ്യൂട്ടർ ഉപകരണങ്ങൾ നിയമപ്രകാരം ലേല നടപടികൾ സ്വീകരിച്ചതിൽ നിന്നും ₹ 7,434 ലഭിച്ചിട്ടുണ്ട്. ലേലം കൊണ്ട വ്യക്തി 18% GST തുക ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്കിയിട്ടുണ്ട്. ലിക്വിഡേഷൻ ഫീയായി ക്യാഷ് കളക്ഷന്റെ 15% ആയ ₹ 2,445 സഹകരണസംഘം രജിസ്ട്രാറുടെ 12/2014 നമ്പർ സർക്കുലർ പ്രകാരം സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട്. സംഘത്തിൽ അടച്ചുതീർക്കാനുണ്ടായിരുന്ന ആഡിറ്റ് ഫീസ് ₹ 40 ഒടുക്കി സർക്കാർ ബാദ്ധ്യത തീർപ്പാക്കിയിട്ടുണ്ട്. നിലവിൽ സർക്കാർ ബാദ്ധ്യതകൾ ഒന്നും തന്നെ സംഘത്തിനില്ല. സംഘത്തിന്റെ അവസാന പൊതുയോഗം വിളിച്ചുചേർക്കുന്നതിനായി ₹ 700 ചെലവഴിച്ചിട്ടുണ്ട്.

സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടും മറ്റ് ആസ്തികൾ ഈടാക്കുവാൻ സാധിക്കാത്തതിനാലും, മറ്റ് ബാധ്യതകൾ കൊടുത്തു തീർക്കാൻ സാധ്യമല്ലെന്ന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ടെത്തിയതിനാലും താഴെ പറയുന്ന ബാധ്യതകൾ കണ്ട് കെട്ടുന്നതിനും മറ്റു ആസ്തികൾ ഈടാക്കാനാവില്ലെന്നതിനാൽ താഴെ പറയുന്ന ആസ്തികൾ എഴുതി തള്ളുന്നതിനും സൂചന (2) പ്രകാരം ഉത്തരവാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	ബാധ്യത	തുക ₹	ക്രമ നമ്പർ	ആസ്തി	തുക ₹
1	ഓഹരി മൂലധനം	114900	1	ഫർണ്ണീച്ചർ+ കമ്പ്യൂട്ടർ	67761
2	തേയ്മാന ഫണ്ട്	70079	2	സ്റ്റോക്കിലെ കുറവ്	13565
3	കിട്ടാനുള്ള തുകയ്ക്ക് കരുതൽ	10631745	3	എസ്.എ പോർട്ട് ഓഫീസ്	129150
4	ഡെഫിസിറ്റ് സ്റ്റോക്കിനുള്ള കരുതൽ	13565	4	എസ്. എ വേജസ് ഒബ്ജക്ട് (2014-15)	155000
5	ഫർണ്ണീച്ചറിനുള്ള കരുതൽ	5116	5	ബോട്ട് വാടക ഒബ്ജക്ട്	25500
6	എസ്.എൽ. എക്സ്. പ്രഡിഡന്റ്	1739619	6	കണ്ടിജൻസി ഒബ്ജക്ട് (2014-15)	5000
7	എസ് എൽ വാല്യൂ	129150	7	എസ് എ വാറ്റ്	200
8	എസ് എൽ ക്യാഷ് വ്യത്യാസം	566	8	എസ്.എ കമ്മീഷൻ	20
9	എസ് എൽ ജമാഅത്ത് കമ്മിറ്റി	9000	9	എസ് എ എസ് എൽ എക്സാം	103144
10	എസ് എൽ പോർട്ട് കൺസർവേഷൻ	300967	10	എസ്. എ വേജസ് ഒബ്ജക്ട് (2016-17)	10210778
11	എസ് എൽ എസ് ബി ടി	8532	11	എസ് എൽ എസ് ബി ടി	113
			12	എസ്. എൽ എക്സസ്സ്	2840
			13	അറ്റ നഷ്ടം	2292846
	ആകെ	**13023239**		**ആകെ**	**13005917**

സംഘത്തിന്റെ അവസാന പൊതുയോഗം 29-9-2025-ന് രാവിലെ 11 മണിയ്ക്ക് കുമ്പളയിലുള്ള മഞ്ചേശ്വരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ചേരുന്നതിന് തീരുമാനിക്കുകയും സംഘത്തിന്റെ അഡ്മിഷൻ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ അന്തിമ പൊതുയോഗ നോട്ടീസ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് കാസറഗോഡ്, അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ആഫീസ്, കാസറഗോഡ്, സർക്കിൾ സഹകരണ യൂണിയൻ ആഫീസ്, കാസറഗോഡ്, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആഫീസ്, മഞ്ചേശ്വരം, താലൂക്ക് ആഫീസ് മഞ്ചേശ്വരം, കേരള സംസ്ഥാന സഹകരണ ബാങ്ക്, ഹൊസങ്ങടി ശാഖ എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിലും 'കാരവൽ' മലയാളം ദിനപ്പത്രത്തിലും പ്രസിദ്ധപ്പെടുത്തിയിരുന്നു. അന്തിമ പൊതുയോഗം 29-9-2025-ന് ചേർന്നു. എന്നാൽ യോഗത്തിൽ ആരും തന്നെ പങ്കെടുത്തില്ല. ആയതിനാൽ മിച്ചമുള്ള തുകയായ ₹ 12,810.30 ''മെമ്പേർസ്, മഞ്ചേശ്വരം പൂഴിത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 494 (ലിക്വിഡേറ്റഡ് സൊസൈറ്റി)'' എന്ന പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കുമ്പള ശാഖയിൽ അനാമത്ത് കണക്കിൽ നിക്ഷേപിച്ചു. ലിക്വിഡേറ്റർ കൈപ്പറ്റിയ ഫയൽ പ്രകാരവും തുടർന്ന് നടത്തിയ ഇടപാടുകൾ പ്രകാരവും ഉള്ള വരവ് ചെലവ് കണക്കുകളും കടധനപ്പട്ടികയും ചുവടെ ചേർക്കുന്നു.

സംഘം ലിക്വിഡേറ്ററുടെ വരവ് ചെലവ് കണക്ക് താഴെപ്പറയും പ്രകാരമാണ്

(20-11-2023 മുതൽ 29-9-2025)

വരവ്	തുക ₹	ചെലവ്	തുക ₹
സൊസൈറ്റി അക്കൗണ്ട് (സംസ്ഥാന സഹകരണ ബാങ്ക് അക്കൗണ്ട് ഉപ്പള)	10002	എസ്.ബി കേരള സംസ്ഥാന സഹകരണ ബാങ്ക് കുമ്പള (ലിക്വിഡേറ്റർ എസ്.ബി. അക്കൗണ്ട്)	10002
എസ്.എം.എസ് ചാർജ്ജ് (ലിക്വിഡേറ്റർ എസ്.ബി. അക്കൗണ്ട്)	17.70	ബാങ്ക് ചാർജ്ജ് കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്.ബി. അക്കൗണ്ട്)	17.70
പലിശ വരവ്	179	കേരള സംസ്ഥാന സഹകരണ ബാങ്ക് പലിശ വരവ്	179
എസ്.എം.എസ് ചാർജ്ജ് (ലിക്വിഡേറ്റർ എസ്.ബി. അക്കൗണ്ട്)	18	ബാങ്ക് ചാർജ്ജ് കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്.ബി. അക്കൗണ്ട്)	18
എസ്.എം.എസ് ചാർജ്ജ് (ലിക്വിഡേറ്റർ എസ്.ബി. അക്കൗണ്ട്)	18	ബാങ്ക് ചാർജ്ജ് കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്.ബി. അക്കൗണ്ട്)	18

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേലം ചെയ്ത് വിറ്റ വകയിൽ വരവ്	7434	കേരള സംസ്ഥാന സഹകരണ ബാങ്ക്	6300
		ജി. എസ്. ടി. തുക 18%	1134
ലിക്വിഡേഷൻ ഫീസ് കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്.ബി. അക്കൗണ്ട്)	2445	ലിക്വിഡേഷൻ ഫീസ് ഒടുക്കിയത്	2445
ഓഡിറ്റ് ഫീസ്, പത്ര പരസ്യം കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്.ബി. അക്കൗണ്ട്)	740	ഓഡിറ്റ് ഫീസ് ഒടുക്കിയത്	40
		ലേല പത്ര പരസ്യം നൽകിയത്	700
പലിശ വരവ്	224	കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്)	224
പലിശ വരവ്	280	കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്)	280
ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്	700	ജനറൽ ബോഡി യോഗം പത്ര പരസ്യം	700
ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്	118	ലെഡ്ജർ പോളിയോ ചാർജ്ജ്	118
ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്	118	അക്കൗണ്ട് ക്ലോസ് ചാർജ്ജ്	118
ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്	12810.30	''മെമ്പേഴ്സ് മഞ്ചേശ്വരം പൂഴിത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 494 ലിക്വിഡേറ്റഡ് സൊസൈറ്റി''	12810.30
ആകെ	**35104**	**ആകെ**	**35104**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കടധന പട്ടിക 29-9-2025

ക്രമ നമ്പർ	ബാദ്ധ്യത	തുക ₹	ക്രമ നമ്പർ	ആസ്തി	തുക ₹
1	ഓഹരി മൂലധനം	Nil	1	ബാങ്ക് നീക്കിയിരിപ്പ്	Nil
2	തേയ്മാന ഫണ്ട്	Nil	2	ഫർണ്ണീച്ചർ	Nil
3	കിട്ടാനുള്ള തുകയ്ക്ക് കരുതൽ	Nil	3	കമ്പ്യൂട്ടർ	Nil
4	ഡെഫിസിറ്റ് സ്റ്റോക്കിനുള്ള കരുതൽ	Nil	4	സ്റ്റോക്കിലെ കുറവ്	Nil
5	ഫർണ്ണിച്ചറിനുള്ള കരുതൽ	Nil	5	എസ്.എ പോർട്ട് ഓഫീസ്	Nil
6	തൻ ചെലവ് സിൽബന്ധി ചെലവിനുള്ള കരുതൽ	Nil	6	എസ്. എ വേജസ് ഒബ്ജക്ട് (2014-15)	Nil
7	എസ്. എൽ. എക്സ്. പ്രഡിഡന്റ്	Nil	7	ബോട്ട് വാടക ഒബ്ജക്ട്	Nil
8	എസ് എൽ വാല്യൂ	Nil	8	കണ്ടിജൻസി ഒബ്ജക്ട് (2014-15)	Nil
9	എസ് എൽ ക്യാഷ് വ്യത്യാസം	Nil	9	എസ് എ വാറ്റ്	Nil
10	എസ് എൽ ജമാഅത്ത് കമ്മിറ്റി	Nil	10	എസ്.എ കമ്മീഷൻ	Nil
11	എസ് എൽ പോർട്ട് കൺസർവേഷൻ	Nil	11	എസ് എ എസ് എൽ എക്സാം	Nil
12	എസ് എൽ എസ് ബി ടി	Nil	12	എസ്. എ വേജസ് ഒബ്ജക്ട് (2016-17)	Nil
			13	എസ് എ എസ് ബി ടി	Nil
			14	എസ്. എൽ എക്സസ്സ്	Nil
			15	അറ്റ നഷ്ടം	Nil
	ആകെ	Nil		ആകെ	Nil

ചാർജ്ജെടുത്ത തീയതിയിലുണ്ടായിരുന്ന ആസ്തികളും ബാധ്യതകളും ഉൾപ്പെട്ട കടധനപ്പട്ടിക 'ഇല്ല (Nil)' ആയി മാറിയിട്ടുണ്ട്. സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ മേൽപ്രകാരം പൂർത്തീകരിക്കുകയും വരവ് ചെലവ് കണക്കുകൾ സൂചന (3) പ്രകാരം നിയമിതനായ എ. ഇ. എൽ. ഓഡിറ്ററായ സഹകരണ സംഘം മഞ്ചേശ്വരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഓഫീസ് ഇൻസ്പെക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിയിലെ കടധനപ്പട്ടിക പ്രകാരമുള്ള ആസ്തികളും ബാധ്യതകളും ചട്ടപ്രകാരം ക്രമപ്പെടുത്തിയതിന് ശേഷം സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 73 അനുസരിച്ച് സമാപ്തീകരിച്ചുകൊണ്ട് സൂചന (5) പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്ററുടെ നടപടിക്രമങ്ങളും ഉത്തരവും അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് സൂചന (6) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മഞ്ചേശ്വരം ശുപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

മഞ്ചേശ്വരം പൂഴിത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 494-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേഷൻ സംബന്ധിച്ച് എല്ലാ റിക്കാർഡുകളും ലിക്വിഡേറ്റർ മൂന്ന് വർഷം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ഓഫീസിന്റെ മുൻ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)
ഓഫീസ്, കാസറഗോഡ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ), കാസറഗോഡ്
(ഇൻ ചാർജ്ജ്).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.04 02:38:18 +05:30